(സി) മാറാരോഗങ്ങൾക്ക് ചികിത്സാ സഹായം നൽകാറുണ്ടോ;

(ഡി) പ്രസ്തുത സഹായത്തിന് അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഇ) 2004-2005 വർഷം പ്രസ്തുത പദ്ധതിക്കായി എന്തു തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) രോഗത്തിന്റെ കാഠിന്യം, ചികിത്സാ ചിലവിന് വേണ്ടിവരുന്ന ചെലവ്, അപേക്ഷകന്റെ കുടുംബവരുമാനം സമുദായത്തിന്റെ പിന്നോക്കാവസ്ഥ എന്നീ ഘടകങ്ങളാണ് അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം.

(ഇ) 2004-2005 വർഷം ചികിത്സയ്ക്ക് ധനസഹായം നൽകുന്നതിനായി 'പട്ടികവർഗ്ഗക്കാരുടെ ചികിത്സയും പുനരധിവാസവും' എന്ന പദ്ധതിപ്രകാരം ബജറ്റിൽ വകയിരുത്തിയിരുന്ന 30,00,000 രൂപ കൂടാതെ കോർപ്പസ് ഫണ്ടിൽനിന്നും 20,00,000 രൂപ കൂടി ധന പുനർവിനിയോഗം വഴി കണ്ടെത്തുകയും അപ്രകാരം ലഭ്യമായ 50,00,000 രൂപയും പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത പഠന കേന്ദ്രം

155 [3209] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരത്തിലുള്ള ട്രെയിനിംഗ് നൽകുന്നതിന് കോഴിക്കോട് ഐ.ഐ.എം. സഹകരണത്തോടെ 'സെന്റർ ഓഫ് എക്സലൻസ്' സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് മത്സര പരീക്ഷകൾ വിജയിക്കുന്നതിന് ആവശ്യമായ ട്രെയിനിംഗ് നൽകാൻ അംബേദ്കർ ഭവനോടനുബന്ധിച്ച് ഒരു ഉന്നത പഠനകേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മണ്ണന്തലയിൽ ഒരു അംബേദ്കർ ഭവനം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് ഒരു ഉന്നത പഠന കേന്ദ്രം സ്ഥാപിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly